# ഓപ്പറേഷൻ സദ്ഭാവ്: വിയറ്റ്നാമിലേക്ക് ഭാരതം ഒരു ദശലക്ഷം അമേരിക്കൻ ഡോളർ വിലവരുന്ന മാനുഷിക സഹായം അയച്ചു.

2024 സെപ്തംബർ 15

യാഗി ചുഴലിക്കാറ്റ് ബാധിച്ച രാജ്യങ്ങൾക്ക് മാനുഷിക സഹായം നൽകുന്നതിനായി ഭാരത സർക്കാർ ഇന്ന് ഓപ്പറേഷൻ സദ്ഭാവ് ആരംഭിച്ചു.

2. പ്രകൃതി ദുരന്തം ബാധിച്ച വടക്കൻ വിയറ്റ്നാമിലെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി ഓപ്പറേഷൻ സദ്ഭാവ് വഴി വിയറ്റ്നാം സർക്കാരിന് ഭാരതം സഹായം നൽകി.

3. ജലശുദ്ധീകരണ വസ്തുക്കൾ, വെള്ളപ്പാത്രങ്ങൾ, പുതപ്പുകൾ, പാചകപ്പാത്രങ്ങൾ, സോളാർ വിളക്കുകൾ എന്നിവയുൾപ്പെടെ 35 ടൺ മാനുഷിക സഹായങ്ങൾ ഒരു പ്രത്യേക വിമാനത്തിൽ ഇന്ന് വിയറ്റ്നാമിൽ എത്തിച്ചു.

4. വിയറ്റ്നാമിനുള്ള മാനുഷിക പിന്തുണ തന്ത്രപരമായ സമഗ്രപങ്കാളിത്തത്താൽ അടയാളപ്പെടുതത്തുന്ന, ഇരു രാജ്യങ്ങളും തമ്മിൽ ദീർഘകാലമായുള്ള അടുത്ത ബന്ധത്തിൻറെ തെളിവാണ്.

5. ചുഴലിക്കാറ്റ് വിയറ്റ്നാമിനെ ബാധിച്ചതിന് തൊട്ടുപിന്നാലെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ബഹുമാന്യനായ വിയറ്റ്നാം പ്രധാനമന്ത്രി ശ്രീ ഫാം മിൻ ചിന്നിനെ ഭാരതത്തിൻറെ സഹാനുഭൂതിയും ഐക്യദാർഢ്യവും അറിയിച്ചിരുന്നു. വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കറും വിയറ്റ്നാം ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ബഹുമാന്യനായ ബുയി തൻ സണ്ണിനെ രാജ്യത്തിൻറെ സഹാനുഭൂതി അറിയിച്ചു.

6. ദുരന്തബാധിത മേഖലയ്ക്ക് മാനുഷിക, ദുരന്ത നിവാരണ സഹായങ്ങൾ (എച്ച്.എ.ഡി.ആർ) നൽകുന്നതിൽ ആദ്യം പ്രതികരിച്ചവരിൽ ഭാരതവും ഉൾപ്പെടുന്നു. ഭാരതത്തിൻ്റെ ദീർഘകാല നയമായ 'ആക്ട് ഈസ്റ്റ് പോളിസി'ക്ക് അനുസൃതമായി ആസിയാൻ മേഖലയ്ക്കുള്ളിൽ എച്ച്.എ.ഡി.ആറിന് സംഭാവന

നൽകാനുള്ള രാജ്യത്തിൻറെ വിപുലമായ ശ്രമത്തിൻറെ ഭാഗമാണ് ഓപ്പറേഷൻ സദ്ഭാവ്.

**ന്യൂ ഡൽഹി**
**2024 സെപ്തംബർ 15**